**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 622** **28-06-2022 - ൽ മറുപടിയ്ക്ക്**

**കരിങ്കൽ ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കരിങ്കൽ ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് മൂലം സാധാരണക്കാരുടെ ഗൃഹനിർമ്മാണത്തിലുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഖനന ചട്ടങ്ങളിൽ ധാതുക്കളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഇല്ലെങ്കിൽ കൂടി ജില്ലാ തലത്തിൽ ക്വാറി ഉടമകളുമായി ജില്ലാ ജിയോളജിസ്റ്റുമാരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർമാർ ചർച്ചകൾ നടത്തി വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്ന തിനും നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | ജിയോളജി വകുപ്പിന് ഒരു മുഴുവൻ സമയ ഡയറക്ടറെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | കരിങ്കൽ മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | കരിങ്കൽ മേഖലയിലെ തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കരിങ്കൽ മേഖലയിലെ തൊഴിലാളികൾ 1996 ലെ The building and other Construction Workers (Regulations of Employment and Conditions of Service) Act പ്രകാരം നിർമ്മാണത്തൊഴിലാളി എന്ന നിർവചനത്തിന്റെ പരിധിയിൽ വരുന്നതിനാൽ ഈ വിഭാഗം തൊഴിലാളികൾക്ക് കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡിൽ അംഗത്വം സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ